**K16U 0042**

Reg. No.: ..............................

Name : ..............................

BRENNEN COLLEGE LIBRARY THALASSERY

## VI Semester B.A. Degree (CCSS – Reg./Supple./Improve.) Examination, May 2016
## CORE COURSE IN MALAYALAM
## 6B 14 MAL : പ്രാചീന മധ്യകാല കവിത
## (2012 Admn. Onwards)

Time : 3 Hours                                                                Max. Weightage : 30

I. **നാലു** വിഭാഗം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.                                **(4x1=4 വെയിറ്റേജ്)**

1) പൂരിപ്പിക്കുക.

എ) പാട്ടിലെ ______________ എന്നത് ഒരു പാദത്തെ വിഭജിക്കുമ്പോൾ ആദ്യം വരുന്ന അക്ഷരമാണ്.

ബി) രാമചരിതമല്ലാതെ നമുക്ക് കിട്ടിയിട്ടുള്ള സമ്പൂർണ്ണ പാട്ടുകൃതിയാണ് ______________

സി) മണിപ്രവാളത്തിന്റെ ലക്ഷണം ______________ എന്നാണ്.

ഡി) പാട്ടിന്റെ ലക്ഷണം ആദ്യമായി വിവരിക്കുന്ന കൃതി ______________ ആണ്.

2) ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

എ) 'ആഴിമാത് ' എന്ന വാക്കുകൊണ്ട് വിളിക്കുന്നതാരെ ?

ബി) 'കണ്ണശ്ശകവികൾ' എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം ?

സി) 'കളിറുമായ് ' – അർത്ഥമെഴുതുക.

ഡി) 'ഇളം കൊടികൾ' എന്ന് ഉണ്ണിച്ചിരുതേവീകാരൻ പറയുന്നതെന്തിനെ ?

3) ചേരുംപടി ചേർക്കുക.

| | |
|---|---|
| എ) ഭാരതമാല | എ) രാമപ്പണിക്കർ |
| ബി) ശിവരാത്രി മഹാത്മ്യം | ബി) ശങ്കരൻ |
| സി) അദ്ധ്യാത്മരാമായണം | സി) ഡോ. എൻ. മുകുന്ദൻ |
| ഡി) ഗാഥ | ഡി) എഴുത്തച്ഛൻ |

P.T.O.

4) താഴെപ്പറയുന്നവർ ആരെന്നെഴുതുക.

എ) അരൻ

ബി) വിനതാതനയൻ

സി) ദേവകീപുത്രൻ

ഡി) കമലജന്മാവ്

5) താഴെപ്പറയുന്ന വാക്കുകളുടെ അർത്ഥമെഴുതുക.

എ) ആരണം

ബി) ഫാണിതപിണ്ഡം

സി) കലന്തൻ പെട്ടി

ഡി) കാളാഞ്ചി

II. **എഴുപത്തിയഞ്ചു (75)** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''കൈക്കൊൾക കോപത്തോടേ കതിർവില്ലുമമ്പും ; തെക്കിൻ
തിക്കിന നടക്കുമാറു തിരുവുള്ളമാവുതാക !'' – സന്ദർഭമെന്ത് ?

7) 'വനമുഖേ ചകിതമാൻതടിതിപാഞ്ഞൊടികളും' – വിശദീകരിക്കുക.

8) 'സുന്ദരമായുള്ള ചന്ദ്രശിലാതലം
ഒന്നുമേ വേണ്ടീതില്ലാർക്കുമപ്പോൾ' – സ്വാരസ്യം വിശദമാക്കുക.

9) ''ശാപം കൊടുക്കൊലാ പാണ്ഡവന്മാർക്കു നീ
താപം വരുത്തൊലാ മേലിലുമേതുമേ'' – സന്ദർഭമെഴുതുക.

10) ''മന്ദപ്രജ്ഞന്മാർക്കറിവാനായ് മനുകുല –
തിലകനുടെ വൃത്താന്തമി –
തന്ധൻ ഞാൻ കേവലമെങ്കിലു, മൊട്ടായ –
പ്രകാരം ചൊല്ല തുനിഞ്ഞേൻ'' – വിവക്ഷിതമെന്ത് ?

11) 'താനേ വന്നു സഹസ്രലോചനനഹോ
വായും പുതച്ചാസ്ഥയാ
നൂനം വീണു നമസ്കരിക്കുമതു പോ –
രാതോ വധൂനാം പദം' – സന്ദർഭമെന്ത് ?



III. **നൂറ്റമ്പത് (150)** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) 'അരചനാകി മതുചൂതനനിരാവണനെ വെ –
ന്റമയെനക്കു പുകഴ്വാൻ വഴി വരം തന്നരുളേ' – വ്യാഖ്യാനിക്കുക.

13) ''നലമൊടു സൂര്യകുലോത്ഭവരാകും നരപതിമാർ മരുവീടുമതിന്നായ്
അലമിതു മനുനാ നിർമ്മിതമായുണ്ടായിതൊരമരാവതിസമമായേ''
– വിശദീകരിക്കുക.

14) ''കൂറകൾ വേണ്ടുകിൽ നീരിൽനിന്നെല്ലാരും
പാരാതെ വന്നിങ്ങു വാങ്ങിക്കൊൾവിൻ'' – സ്വാരസ്യം വ്യക്തമാക്കുക.

15) ''പൂർണ്ണശോഭം നവവസ്ത്രം ധരിച്ചീടും
ജീർണ്ണദേഹം കളഞ്ഞമ്പോടു ദേഹികൾ
പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു !'' – ആശയം വിശദമാക്കുക.

16) 'വട്ടത്തിൽച്ചേർന്നടയരുടലിൽച്ചേരുമച്ചോരിവെള്ളം
മുട്ടക്കോരിക്കഴുകുമെഴുപാറും കുടിക്കും പ്രകാരം
വെട്ടിക്കീറിപ്പടയിലുടവാൾകൊണ്ടു കൂറിട്ടു വേറി –
ട്ടൊട്ടൊട്ടേറം നരവര ! പരന്നും വിരുന്നുണ്മതുണ്ടോ ?' – വ്യാഖ്യാനിക്കുക.

17) 'പണ്ട് രാജ്യാഭിഷേകത്തിനാമ്മാറിരിക്കുന്ന നേരത്തു പാഴ്ത്തള്ള
പിണ്ണെന്നു തള്ളിക്കളഞ്ഞോരു നേരം കമിണ്ണങ്ങു വീണമ്മുഴ –
ങ്ങാൽച്ചിരട്ടയ്ക്കു ചെറ്റുനമുണ്ടായതും നീ ധരിച്ചീലയോ ? – സന്ദർഭമെന്ത് ?

18) പഠിക്കാനുള്ള മുക്തകങ്ങളെ അടിസ്ഥാനമാക്കി മുക്തകങ്ങളെക്കുറിച്ച്
വിശദീകരിക്കുക.

IV. **മുന്നൂറു (300)** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) രാമചരിതത്തിലെയും കണ്ണശ്ശരാമായണത്തിലെയും ഭാഷയുടെ സ്വഭാവം താരതമ്യം ചെയ്യുക.

20) 'സന്ദേശം അതൊന്നേയുള്ളൂ' എന്ന മേഘസന്ദേശത്തെക്കുറിച്ചുള്ള പരാമർശം ശരിയോ എന്ന് ഉണ്ണുനീലി സന്ദേശത്തെ മുൻനിർത്തി പരിശോധിക്കുക.

21) 'മദ്ധ്യകാലചമ്പുക്കൾ ആദ്യകാലചമ്പുക്കളിൽ നിന്ന് വ്യത്യസ്തമാകുന്നതെങ്ങനെയെല്ലാം ? വിശദീകരിക്കുക.

22) എഴുത്തച്ഛനു മുമ്പേ ജനിച്ചതെങ്കിലും കൃഷ്ണഗാഥാകാരന് ഭാഷാപിതൃത്വം പണ്ഡിതർ കല്പിക്കാതെ പോയതെന്തുകൊണ്ട് ? ചർച്ച ചെയ്യുക.

23) 'മഹാഭാരതം സ്ത്രീപർവ്വ'ത്തെ അടിസ്ഥാനമാക്കി എഴുത്തച്ഛന്റെ വർണ്ണനാപാടവം വിശദീകരിക്കുക.

---